ഭരണഭാഷ-മാതൃഭാഷ

നമ്പർ.400974/BADC01/GPO/2023/10880/(1)

കക്കോടി ഗ്രാമ പഞ്ചായത്ത് ആഫീസ്

കക്കോടി
കക്കോടി.പി.ഓ
കോഴിക്കോട്
Phone No:04952265711
E-mail:kakkodigp@gmail.com

തീയതി : 18/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ് , കോഴക്കോട്- 673020

സർ,

വിഷയം:- നവകേരള സദസ്സ് - തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - ഉപജില്ലാ തല സ്ഥിരം അദാലത്ത് സമിതി - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 16/12/2023 തിയ്യതിയിലെ IVO1/01/23 നമ്പർ കത്ത്.

2. ശ്രീ. ഗംഗാധരൻ , പുളിയുള്ളതിൽ താഴത്ത്, ചെറുകളം ,മക്കട പോസ്റ്റ്-673611 എന്നിവരുടെ 07/02/2023 തിയ്യതിയിലെ അപേക്ഷ.

സൂചന 1 പ്രകാരം ലഭിച്ച കത്ത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നു,

കക്കോടി ഗ്രാമപഞ്ചായത്ത് വാർഡ് 21 ൽ കക്കോടി വില്ലേജ് മക്കട ദേശത്ത് റി.സ 36/43 ( 36/6,7) ൽ ഉൾപ്പെട്ട 1.214 ആർസ് തോട്ടം വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മാണം ആരംഭിച്ച 73.86 ച.മീറ്റർ കെട്ടിടം ക്രമവൽക്കരിക്കുന്നതിനാണ് ശ്രീ. ഗംഗാധരൻ , പുളിയുള്ളതിൽ താഴത്ത് , ചെറുകളം ,മക്കട പോസ്റ്റ്-673611 എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് .

സൂചന 2 പ്രകാരം സമർപ്പിച്ച അപേക്ഷ ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം പിരിശോധിക്കുകയും താഴെ ചേർത്ത് 1 ,2 അപാകതകൾ അറിയിക്കുകയും ചെയ്തിരുന്നു.

1 - ലീച്ച് പിറ്റ് കെട്ടിടത്തിന് പുറത്ത് നൽകേണ്ടതാണ്.

2 - കെട്ടിടം കിഴക്ക് വശത്തുള്ള വഴിയൽ നിന്നും kpbr 2019 റൂൾ 23(2) പ്രകാരമുള്ള അകലം

പാലിക്കുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് 13/04/2023 തിയ്യതിയിൽ കത്ത് നൽകിയിട്ടുണ്ട് എന്നാൽ ഇതുവരെ അപാകതകൾ പരിഹിരച്ച് അപേക്ഷ പുനർസമർപ്പിച്ചിട്ടില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 23(2) പ്രകാരം 75 മീറ്ററിന് താഴെയുള്ളതും ഒന്നോ അതിലധികമോ വ്യക്തിഗത പ്ലോട്ടുകളിലേക്ക് നയിക്കുന്നതുമായ വഴികളുടെ സംഗതികളിൽ വഴിയോട് ചേർന്നുള്ള പ്ലോട്ടതിരും കെട്ടിടവും തമ്മിൽ ആവശ്യമായ അകലം 1.50 മീറ്റർ ആണ്, സ്ഥലത്ത് ലഭ്യമായിട്ടുള്ളതും പ്ലാൻ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതും 1 മീറ്റർ അകലം മാത്രം ആണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 23(2) പ്രകാരം ആവശ്യമായ അകലം ലഭ്യമാവാത്തതിനാലാണ് അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാതിരുന്നത് എന്ന വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

യു കെ രാജൻ

സെക്രട്ടറി

Document certified by U K RAJAN <KAKKODIGP@GMAIL.COM>

Digitally signed by U K RAJAN
Date: 2023.12.18 17:05:49 IST
Reason: ILGMS Govt. of kerala